**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1229** **10-08-2023 - ൽ മറുപടിയ്ക്ക്**

**മുതലപ്പൊഴി കടൽത്തീരത്ത് മണൽതിട്ടകൾ ഡ്രഡ്ജ് ചെയ്ത് നീക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എം. വിൻസെന്റ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മുതലപ്പൊഴിയിലെ ഹാർബറിൽ രൂപപ്പെട്ടിരിക്കുന്ന മണൽതിട്ടകൾ ഡ്രഡ്ജ് ചെയ്ത് നീക്കി മൗത്തിലെയും ചാനലിലെയും ആഴം കൂട്ടാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കുമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനുള്ള കല്ലുകൾ ബാർജ്ജിൽ കയറ്റി കടൽ മാർഗ്ഗം കൊണ്ട് പോകുന്നതിനായി മുതലപ്പൊഴി ഹാർബറിന്റെ തെക്കേ പുലിമുട്ട് 170 മീറ്റർ നീളത്തിൽ പൊളിച്ച് ലോഡ് ഔട്ട് ഫെസിലിറ്റി നിർമ്മിക്കുന്നതിന് 2018 - 2019 കാലയളവിൽ M/s. അദാനി പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് (AVPPL) -ന് അനുമതി നൽകിയിരുന്നു. ഇതിനായി M/s. അദാനി പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് ഉം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും ഏർപ്പെട്ട ധാരണാപത്ര പ്രകാരം മുതലപ്പൊഴി ഹാർബറിലെ മൗത്തിലും ചാനലിലും 5 മീറ്ററും ഹാർബർ ബേസിനിൽ 3 മീറ്ററും ആഴം ഉറപ്പാക്കണമെന്നും, ബ്രേക്ക് വാട്ടറിന് എന്തെങ്കിലും കേടുപാടുകൾ സംഭവിച്ചാൽ അത് പരിഹരിക്കണമെന്നും ഗൈഡ് ലൈറ്റ്, ബോയെ എന്നിവ സ്ഥാപിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. ഇതിൻ പ്രകാരം 2021 സെപ്റ്റംബർ അവസാനം വരെ ധാരണപത്രം പ്രകാരം M/s. അദാനി പോർട്ട്സ് ഡ്രഡ്ജിംഗ് നടത്തിയിട്ടുണ്ട്.<br><br>2021 വർഷത്തെ ടൗട്ടേ ചുഴലിക്കാറ്റ്, 2022 വർഷത്തെ മൺസൂൺ എന്നിവ മൂലം മുതലപ്പൊഴി ഫിഷിംഗ് ഹാർബറിലെ തെക്കേ പുലിമുട്ടിന്റെ ഹെഡ് തകരുകയും ടെട്രാപോഡുകൾക്ക് സ്ഥാനഭ്രംശം സംഭവിച്ച് പ്രവേശന കവാടത്തിലും ചാനലിലും ചിതറി വീഴുകയുമുണ്ടായി. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ പ്രദേശത്ത് അടിക്കടി അപകടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 22/10/2022 തീയതിയിലെ സ.ഉ.(സാധാ) നം. 660/2022/മ.തു.വ പ്രകാരം ടി വിഷയം പരിശോധിച്ച് പരിഹാര നടപടികൾ നിർദ്ദേശിക്കുന്നതിന് പൂനെ |

ആസ്ഥാനമായുള്ള സെൻട്രൽ വാട്ടർ ആന്റ് പവ്വർ റിസർച്ച് സ്റ്റേഷനെ (CWPRS) മുമ്പ് തന്നെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ CWPRS ഉദ്യോഗസ്ഥർ 03/11/2022 -ന് ഹാർബർ സന്ദർശിച്ച് പരിശോധന നടത്തുകയും പഠനം നടത്തുന്നതിനുള്ള തുകയായി 53, 79,230/- രൂപയുടെ എസ്റ്റിമേറ്റ് 27/12/2022 -ന് സമർപ്പിക്കുകയും ചെയ്തു. പഠനം നടത്തുന്നതിന് ആദ്യ ഘട്ടമായി 12 ലക്ഷം രൂപയും പിന്നീട് 25.454 ലക്ഷം രൂപയും (ആകെ 37.454 ലക്ഷം) 22/06/2023 വരെ CWPRS -ന് നൽകിയിട്ടുണ്ട്. പഠനം നടത്തുന്നതിനായി Current, tide, river discharge തുടങ്ങിയ ഫീൽഡ് ഡാറ്റ CWPRS ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഡാറ്റ ശേഖരിക്കുന്നതിനുള്ള പ്രവൃത്തിക്കായി 32 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 03/04/2023 -ന് ഭരണാനുമതി നൽകിയിട്ടുണ്ട്. മഴക്കാലത്തിന് ശേഷമുള്ള ഡേറ്റ കൂടി ശേഖരിച്ച് ഇനി CWPRS -ന് നൽകേണ്ടതായിട്ടുണ്ട്. മഴക്കാലത്തിന് ശേഷം 2023 സെപ്റ്റംബർ മാസത്തോടെ പ്രസ്തുത ഡാറ്റ ശേഖരിച്ച് നൽകുന്നതാണ്. ഡേറ്റാ ശേഖരണം വിലയിരുത്തുന്നതിന് 12/08/2023 -ന് CWPRS വിദഗ്ധർ മുതലപ്പൊഴി നേരിൽ സന്ദർശിക്കുന്നുണ്ട്. 2023 ഡിസംബർ മാസത്തിൽ CWPRS -ൽ നിന്നും അന്തിമ റിപ്പോർട്ട് ലഭിക്കും.

കാലവർഷത്തിന് മുൻപ് പൊഴി ഭാഗത്ത് മണ്ണടിയുന്നതാണ് അഴിമുഖത്ത് അപകടങ്ങൾ ഉണ്ടാകാനുള്ള പ്രധാനപ്പെട്ട കാരണം. അപകട സാധ്യത മുന്നിൽ കണ്ട് പൊഴിയിൽ ചിതറി കിടക്കുന്ന കല്ലുകൾ നീക്കം ചെയ്യുന്നതിന് നിരവധി തവണ M/s. അദാനി പോർട്ട്സ് -ന് നിർദേശം നല്കിയിരുന്നു. തുടർന്ന് 31/03/2023 -ന് ഓൺലൈനിൽ ചേർന്ന യോഗത്തിൽ, നിലവിലെ സാഹചര്യത്തിൽ പ്രവൃത്തി ഏർപ്പാടാക്കാൻ സാധിക്കില്ലെന്നും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എസ്റ്റിമേറ്റ് എടുത്ത് പ്രവൃത്തി ഏർപ്പാടാക്കുകയാണെങ്കിൽ ചെലവിന്റെ 50% വഹിക്കാമെന്നും M/s അദാനി പോർട്ട് അറിയിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 11/04/2023 -ന് ചീഫ് എഞ്ചിനീയർ 86 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്തു. എന്നാൽ പ്രവൃത്തി ഏർപ്പാടാക്കുന്നതിനുള്ള കരാറിലേർപ്പെടാൻ ദർഘാസുകാരൻ വിസമ്മതിച്ചതിനാൽ ദർഘാസുകാരന് നോട്ടീസ് നൽകി. ഇതിനെതിരെ കരാറുകാരൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിക്കുകയും നോട്ടീസ്

| | | | |
|---|---|---|---|
| | | | പ്രകാരം ടിയാനെതിരെയുള്ള നടപടികൾ 04/11/2023 വരെ വിലക്കി കോടതി ഉത്തരവാകുകയും ചെയ്തു.<br><br>കഴിഞ്ഞ ഒരു വർഷമായി അഴിമുഖത്തും ചാനലിലും അദാനി പോർട്ട്സ് ധാരണാപത്രം പ്രകാരമുള്ള ഡ്രഡ്ജിംഗ് നടത്തിയിട്ടില്ല. എന്നാൽ 2023 മെയ് മാസത്തിലും ജൂൺ ആദ്യ വാരവും അടിഞ്ഞ് കൂടിയ മണ്ണ് കരയിൽ നിന്നും എസ്കവേറ്റർ ഉപയോഗിച്ച് നീക്കം ചെയ്തിട്ടുണ്ട്. മത്സ്യബന്ധന തുറമുഖം അപകടരഹിതമാക്കുന്നതിന് ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി, ബഹു. മത്സ്യബന്ധന വകുപ്പ് മന്ത്രി, ബഹു. ഗതാഗത വകുപ്പ് മന്ത്രി, ബഹു. വർക്കല നിയോജക മണ്ഡലം എം. എൽ. എ എന്നിവരുടെ സാന്നിദ്ധ്യത്തിൽ 31/07/2023 -ന് ചേർന്ന യോഗത്തിലെ തീരുമാനങ്ങളും സ്വീകരിച്ച നടപടികളും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിക്കായി അദാനി കമ്പനിയെ ചുമതലപ്പെടുത്തിയിരുന്നോയെന്നും ഈ ജോലി നിർവ്വഹിക്കാൻ അവർക്ക് സാധിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) | മറുപടി പിരിവ് (എ) യിൽ ചേർത്തിട്ടുണ്ട് |
| (സി) | മുതലപ്പൊഴി കടൽത്തീരത്ത് ഹാർബർ നിർമ്മാണത്തിനായി പാറ ശേഖരിച്ച് കടൽമാർഗം കൊണ്ടുപോകാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താൻ അദാനി കമ്പനിക്ക് അനുവാദം നൽകിയിരുന്നോയെന്നും ഇതിനായി പുലിമുട്ട് പൊളിച്ചുനീക്കിയിരുന്നോയെന്നും വ്യക്തമാക്കാമോ? | (സി) | മറുപടി പിരിവ് (എ) യിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം അപകടരഹിതമാക്കാൻ ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി, ബഹു. മത്സ്യബന്ധന വകുപ്പ് മന്ത്രി, ബഹു. ഗതാഗത വകുപ്പ് മന്ത്രി, ബഹു. വർക്കല നിയോജക മണ്ഡലം എം. എൽ. എ എന്നിവരുടെ സാന്നിദ്ധ്യത്തിൽ 31/07/2023 –ന് ചേർന്ന യോഗത്തിലെ തീരുമാനങ്ങളും സ്വീകരിച്ച നടപടികളും

| ക്രമ നമ്പർ | തീരുമാനം | സ്വീകരിച്ച നടപടി |
|---|---|---|
| 1 | വിവിധ സംഘടനാ ഭാരവാഹികളുടെ അഭിപ്രായം മാനിച്ച്, മത്സ്യബന്ധന തുറമുഖം തത്കാലം അടച്ചിടേണ്ടെന്ന് തീരുമാനിച്ചു. | മത്സ്യബന്ധന തുറമുഖം നിലവിൽ പ്രവർത്തിക്കുന്നുണ്ട് |
| 2 | ലോംഗ് ബൂം ക്രയിൻ മുതലപ്പൊഴിയിലെത്തിച്ച് ഹാർബറിലെ ചാനലിൽ ചിതറിക്കിടക്കുന്ന കല്ലുകളും ടെട്രാപോഡുകളും നീക്കം ചെയ്യുന്ന പ്രവൃത്തി ആരംഭിക്കേണ്ടതാണ്. | 02/08/2023 മുതൽ അഴിമുഖത്തും ചാനലിലും ചിതറിക്കിടക്കുന്ന കല്ലുകൾ ലോംഗ് ബൂം എസ്കവേറ്റർ ഉപയോഗിച്ച് നീക്കം ചെയ്തു തുടങ്ങിയിട്ടുണ്ട്. |
| 3 | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും AVPPL ഉം കൂടിയാലോചിച്ച് ഡ്രെഡ്ജർ കൊണ്ട് വരുന്നതിന് അനുയോജ്യമായ കാലാവസ്ഥ മനസ്സിലാക്കി വിഴിഞ്ഞത്തുള്ള ഡ്രെഡ്ജർ മുതലപ്പൊഴി ഹാർബറിൽ എത്തിച്ച് ഡ്രെഡ്ജിംഗ് ആരംഭിക്കണം. | നിലവിൽ കാലാവസ്ഥ അനുകൂലമല്ല. കാലാവസ്ഥ അനുകൂലമാകുന്ന മുറയ്ക്ക് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ സൈറ്റിൽ നിന്നും ഡ്രെഡ്ജർ കൊണ്ടു വന്ന് ഡ്രെഡ്ജിംഗ് നടത്തുന്നതാണ് |
| 4 | മണ്ണ് നീക്കം ചെയ്യുന്നതിനാവശ്യമായ എക്സ്കവേറ്റർ M/s. അദാനി പോർട്സ് 01/08/2023 –ന് തന്നെ മുതലപ്പൊഴിയിലെത്തിച്ച് മണ്ണ് നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തി ആരംഭിക്കേണ്ടതാണ്. | അഴിമുഖത്തും ചാനലിലും ചിതറിക്കിടക്കുന്ന കല്ലുകളും ടെട്രാപോഡുകളും ലോംഗ് ബൂം എസ്കവേറ്റർ ഉപയോഗിച്ച് നീക്കം ചെയ്തു തുടങ്ങിയിട്ടുണ്ട്. കല്ലുകൾ നീക്കിയതിന് ശേഷം മണ്ണ് നീക്കം ആരംഭിക്കുന്നതാണ്. |
| 5 | 31/07/2023 മുതൽ മുതലപ്പൊഴി ഹാർബറിൽ മുഴുവൻ സമയത്തും ആംബുലൻസ് സേവനം ലഭ്യമാക്കണം. | 03/08/2023 മുതൽ 24 മണിക്കൂർ ആംബുലൻസ് സേവനം ലഭ്യമാക്കിയിട്ടുണ്ട്. |
| 6 | പ്രതികൂല കാലാവസ്ഥയിലും | റിമോർട്ട് കൺട്രോൾഡ് ബോയെ |

| | | |
|---|---|---|
| | രക്ഷാപ്രവർത്തനം സാധ്യമാക്കുന്നതിന് റിമോർട്ട് കൺട്രോൾഡ് ബോയെ ഉടനടി വാങ്ങി ഹാർബറിൽ സജ്ജമാക്കണം | വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു |
| 7 | രക്ഷാ പ്രവർത്തനം സുഗമമാക്കുന്നതിന് പ്രധാന റോഡിൽ നിന്നും വടക്കേ പുലിമുട്ടിലേയ്ക്കുള്ള അപ്രോച്ച് റോഡ് നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് അടിയന്തരമായി തയ്യാറാക്കി ഭരണാനുതി നൽകണം | 57.20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 8 | ഹാർബറിന്റെ തെക്കേ പുലിമുട്ടിന്റെ തെക്ക് ഭാഗത്ത് അടിഞ്ഞുകൂടുന്ന മണ്ണ് വടക്കേ പുലിമുട്ടിന്റെ വടക്കു ഭാഗത്തേക്ക് യന്ത്ര സാമഗ്രികളുടെ സഹായത്തോടെ നിക്ഷേപിക്കുന്നതിനുള്ള സ്ഥിരമായ സാന്റ് ബൈപ്പാസിംഗ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് 31/07/2023 –ന് തന്നെ സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്. പ്രവൃത്തി നടത്തുന്നതിനുള്ള കണക്കിനത്തിലെ ധനലഭ്യത ഉറപ്പാക്കി 3 ദിവസത്തിനകം ഭരണാനുമതി നൽകേണ്ടതാണ്. ഭരണാനുമതി ലഭിച്ചാലുടൻതന്നെ ദർഘാസ് നടപടികൾ പാലിച്ച് 2 മാസത്തിനകം നിർമ്മാണം ആരംഭിക്കേണ്ടതാണ്. | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 11 കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| 9 | അടിയന്തര നടപടി എന്ന നിലയിൽ ഹാർബറിന്റെ തെക്കേ പുലിമുട്ടിന്റെ തെക്ക് ഭാഗത്ത് മണ്ണടിഞ്ഞ് കൂടുന്ന മുറയ്ക്ക് മണ്ണ് ലോറിയിൽ നിറച്ച് വടക്കേ പുലിമുട്ടിന്റെ വടക്കു ഭാഗത്ത് നിക്ഷേപിക്കുന്നതിനുള്ള പ്രവൃത്തി നടപ്പാക്കുന്നതിന് അടിയന്തിരമായി ഭരണാനുമതി നൽകണം. | 01/08/2023 –ന് ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |
| 10 | ഹാർബറിൽ അടിയന്തിരമായി 6 ഹൈമാസ്റ്റ് | സോളാർ ഹൈമാസ്റ്റ് ലൈറ്റുകൾ |

| | | |
|---|---|---|
| | ലൈറ്റുകൾ സ്ഥാപിക്കേണ്ടതാണ്. | സ്ഥാപിക്കുന്നതിന് കേരള ഇലക്ട്രിക്കൽസ് ലിമിറ്റഡ് (KEL) –ന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. |
| 11 | ഹാർബറിലെ രക്ഷാ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് മൂന്ന് ഷിഫ്റ്റുകളിലായി 10 പേരടങ്ങുന്ന പരിശീലനം നേടിയ 30 ലൈഫ് ഗാർഡുമാരെ നിയോഗിക്കണം. രക്ഷാ പ്രവർത്തനത്തിനായി ആകെ 3 ബോട്ടുകളും ഹാർബറിൽ ലഭ്യമാക്കണം. | മൂന്ന് യാനങ്ങളും മൂന്ന് ഷിഫ്റ്റുകളിലായി ആകെ 30 ലൈഫ് ഗാർഡുമാരെയും നിയോഗിച്ചിട്ടുണ്ട്. |
| 12 | മഴക്കാലത്തിന് ശേഷമുള്ള ഡേറ്റ കൂടി ശേഖരിച്ച് CWPRS –ന് നൽകി പഠന റിപ്പോർട്ട് ഡിസംബർ 31 നകം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം | 2023 സെപ്റ്റംബർ മാസത്തോടെ ഡേറ്റ ശേഖരിച്ച് നൽകുന്നതാണ്. ഡേറ്റാ ശേഖരണം വിലയിരുത്തുന്നതിന് **12/08/2023 –ന് CWPRS** വിദഗ്ധർ മുതലപ്പൊഴി നേരിൽ സന്ദർശിക്കുന്നുണ്ട്. |
| 13 | പ്രതികൂല കാലാവസ്ഥാ മുന്നറിയിപ്പുള്ള ദിവസങ്ങളിൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകാതിരിക്കാൻ മത്സ്യത്തൊഴിലാളി സംഘടനകൾ കൂടി മുൻകൈയെടുക്കണം. ഇക്കാര്യവും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നത് സംബന്ധിച്ചും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കണം. | മുന്നറിയിപ്പുകളും ബോധവത്ക്കരണവും നൽകി വരുന്നു. |